പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 3496 | 15. 07.2015- ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഓപ്പറേഷൻ രുചി പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വർക്കല കഹാർ<br>" വി.റ്റി. ബൽറാം<br>" ഡൊമിനിക് പ്രസന്റേഷൻ<br>" ആർ . സെൽവരാജ്** | | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഓപ്പറേഷൻ രുചി പദ്ധതിക്ക് ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടക്കംകുറിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | ബി) | "സുരക്ഷിത ആഹാരം ജനങ്ങളുടെ അവകാശം" എന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഭക്ഷണസാധനങ്ങളിൽ രുചി വർദ്ധക വസ്തുക്കളുടെയും രാസപദാർത്ഥങ്ങളുടെയും ഉപയോഗം പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ ഭക്ഷ്യസുരക്ഷാവകുപ്പ് രൂപീകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് **"രുചി" (RUCHI-Restrictive Use of Chemical and Harmful Ingredients)** |
| സി) | ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങൾക്കും പാചകം ചെയ്ത് വിൽക്കുന്ന സ്ഥാപനങ്ങൾക്കും ലൈസൻസും രജിസ്ട്രേഷനും നിർബന്ധമാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ഭക്ഷ്യോൽപാദകർക്കും വ്യാപാരികൾക്കും ഘട്ടംഘട്ടമായി പരിശീലനം നല്കി ആയതിന് ഒരു സർട്ടിഫിക്കറ്റ് നൽകുകയും തുടർന്ന് ഇത്തരത്തിൽ സർട്ടിഫിക്കറ്റ് കരസ്ഥമാക്കുന്ന ഒരു ജീവനക്കാരൻ നിർബന്ധമായും ടി സ്ഥാപനത്തിൽ ഉണ്ടാകേണ്ടതാണെന്ന് നിബന്ധന ഏർപ്പെടുത്തുക വഴി ടി പദ്ധതിയുടെ ഉദ്ദേശ ,ലക്ഷ്യം പൂർണ്ണതോതിൽ കൈവരുത്തുവാൻ കഴിയും. |
| ഡി) | പദ്ധതിനടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാംനടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | ഡി) | പദ്ധതിനടപ്പാക്കാൻ എല്ലാ ജില്ലകളിലും ഭക്ഷ്യോൽപാദകർക്കും വ്യാപാരികൾക്കുമായുള്ള ടി പരിശീലന പദ്ധതിക്ക് ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെ ആഭിമുഖ്യത്തിൽ ഇതിനകം തുടക്കം കുറിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ